കേരള കാർഷിക സർവ്വകലാശാല
നടപടിക്രമം

കേരള കാർഷിക സർവ്വകലാശാല - പൊതുഭരണം – മണ്ണുത്തി വെറ്ററിനറി കോളേജ് ലാബ് അസിസ്റ്റന്റ് ഗ്രേഡ് II ആയി ജോലി നോക്കി വരുന്ന ശ്രീ. ഡി. ബിജുകുമാറിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ടുള്ള അച്ചടക്ക നടപടി – ഉത്തരവു പുറപ്പെടുവിക്കുന്നു.

---

പൊതുഭരണം

നമ്പർ ജിഎ.എൽ.3/11101/20109 തീയതി: വെള്ളാനിക്കര, 03.05.2010

---

പരാമർശം : 1) 27.06.2009 ലെ ജി.എ. എൽ.3/41428/08 ഉത്തരവ്
2) 17.03.2010 തീയതിയിലെ മണ്ണുത്തി വെറ്ററിനറി കോളേജ് ഡീനിന്റെ കത്ത്
3) 22.03.2010 തീയതിയിലെ മണ്ണുത്തി വെറ്ററിനറി കോളേജ് ഡീനിന്റെ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം വെള്ളായണി കാർഷിക കോളേജിലെ ലാബ് അസിസ്റ്റന്റ് ഗ്രേഡ് III ജീവനക്കാരൻ ആയിരുന്ന ശ്രീ. ഡി. ബിജുകുമാറിനെ ട്രാൻസ്പോർട്ട് ജീവനക്കാരനെ മർദ്ദിച്ചതിന്റെ പേരിൽ തിരുവല്ലം പോലീസ് സ്റ്റേഷൻ ക്രൈം 338/2008 നമ്പർ പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ഇതിനെ തുടർന്ന് ടിയാനെ വെള്ളായണി കാർഷിക കോളേജിൽ നിന്നും മണ്ണുത്തി വെറ്ററിനറി കോളേജിലേക്ക് സ്ഥലം മാറ്റി നിയമിച്ചതുമാകുന്നു. മേലാൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്ന് ശക്തമായ താക്കീതും നൽകിയിരുന്നു.

ടി ബിജുകുമാർ, മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡ്യൂട്ടി ലൈബ്രേറിയന്റെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ. എസ്. ശ്രീകുമാറിനെ മദ്യപിച്ച് കൈയ്യേറ്റം ചെയ്യുകയും അസഭ്യം പറയുകയും കുത്തിപ്പരിക്കേൽപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്തതായി മണ്ണുത്തി വെറ്ററിനറി കോളേജ് ഡീൻ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ 17.03.2010 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന വിവരവും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഇത്തരം മാനസികാവസ്ഥയുള്ളവനും ആക്രമസ്വഭാവമുള്ളവനുമായ ശ്രീ. ഡി ബിജുകുമാറിനെ പ്രസ്തുത കോളേജിൽ തുടർന്ന് പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും ഡീൻ കത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ള തുമാകുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1) ഓഫീസ് അച്ചടക്കം ലംഘിച്ചതിന്റെ പേരിലും ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥനെ കൈയ്യേറ്റം ചെയ്യുകയും അസഭ്യം പറഞ്ഞതിന്റേയും പേരിൽ ശ്രീ. ഡി. ബിജുകുമാറിനെതിരെ സർവ്വകലാശാല ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ ആരംഭിക്കുവാൻ തീരുമാനിക്കുന്നു.

2) ശ്രീ. ഡി. ബിജുകുമാറിനെ 17.03.2010 മുതൽ (അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്നതിന്റെ തുടക്കദിവസം) സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

3) നിയമപ്രകാരം ഉപജീവന ബത്തക്ക് ശ്രീ. ഡി. ബിജുകുമാർ അർഹനായിരിക്കും

(ഒപ്പ്)
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) II

സ്വീകർത്താവ്

1) ശ്രീ. ഡി. ബിജുകുമാർ, ലാബ് അസിസ്റ്റന്റ് ഗ്രേഡ് III (വെറ്ററിനറി കോളേജ് ഡീൻ മുഖാന്തിരം)
2) ഡീൻ, ഫാക്കൽറ്റി ഓഫ് വെറ്ററിനറി ആന്റ് അനിമൽ സയൻസസ്, മണ്ണുത്തി, (രണ്ടു കോപ്പിയും അസ്സലും ഉള്ളടക്കം ചെയ്യുന്നു. അസ്സൽ ശ്രീ. ഡി. ബിജുകുമാറിന് നൽകിയ ശേഷം കൈപ്പറ്റ് രേഖ സഹിതം ഒരു കോപ്പി മടക്കി അയക്കേണ്ടതാകുന്നു)

കോപ്പി ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) I / ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) II / സെക്ഷൻ ഓഫീസർ, ജി.എ. ജെ / രജിസ്ട്രാറുടേയും കംപ്ട്രോളറുടേയും പി.എ. മാർ / കരുതൽ ശേഖരം /മിച്ചം

ഉത്തരവിൻ പ്രകാരം അയക്കുന്നത്

സെക്ഷൻ ഓഫീസർ

tpn/05.05.10